അധ്യായം 26

## ശുഅറാ : (കവികൾ)

അവതരണം മക്കയിൽ, വചനങ്ങൾ 227

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

طسٓمٓ ﴿١﴾ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾

1. ത്വാ-സീൻ-മീം.

2. സുവ്യക്തമായ ഗ്രന്ഥത്തിലെ വചനങ്ങളാണിത്‌.

لَعَلَّكَ بَٰخِعٞ نَّفۡسَكَ أَلَّا يَكُونُواْ مُؤۡمِنِينَ ﴿٣﴾

3. അവർ വിശ്വാസികളാകാത്തതിൻെറ പേരിൽ നീ (മനം നൊഹ്‌) നിൻെറ ജീവൻ നശിച്ചേക്കാം.

إِن نَّشَأۡ نُنَزِّلۡ عَلَيۡهِم مِّنَ ٱلسَّمَآءِ ءَايَةٗ فَظَلَّتۡ أَعۡنَٰقُهُمۡ لَهَا خَٰضِعِينَ ﴿٤﴾

4. നാം ഉദ്ദേശിക്കുകയാണെങ്കിൽ അവരുടെ മേൽ ആകാശത്തുനിന്ന്‌ ഒരു ദൃഷ്‌ടാന്തം ഇറക്കുന്നതാണ്‌. അപ്പോൾ അവരുടെ പിരടികൾ അതിന്‌ (വിനയപൂർവം) താഴുന്നതായി മാറും.

وَمَا يَأۡتِيهِم مِّن ذِكۡرٖ مِّنَ ٱلرَّحۡمَٰنِ مُحۡدَثٍ إِلَّا كَانُواْ عَنۡهُ مُعۡرِضِينَ ﴿٥﴾

5. പരമ കാരുണികനിൽനിന്ന്‌ ഏതൊരു ദൃഷ്‌ടാന്തം അവർക്ക്‌ വന്നെത്തുമ്പോഴും അവർ അതിൽനിന്ന്‌ പിന്തിരിഞ്ഞു കളയാതിരുന്നിട്ടില്ല.

فَقَدۡ كَذَّبُواْ فَسَيَأۡتِيهِمۡ أَنۢبَٰٓؤُاْ مَا كَانُواْ بِهِۦ يَسۡتَهۡزِءُونَ ﴿٦﴾

6. തീർച്ചയായും അവർ കളവാക്കിയിരിക്കുന്നു. എന്നാൽ, അവർ പരിഹസിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റിയുള്ള വൃത്താന്തം അവർക്ക്‌ വന്നെത്തിക്കൊള്ളും.

أَوَلَمۡ يَرَوۡاْ إِلَى ٱلۡأَرۡضِ كَمۡ أَنۢبَتۡنَا فِيهَا مِن كُلِّ زَوۡجٖ كَرِيمٍ ﴿٧﴾

7. അവർ ഭൂമിയിലേക്ക്‌ നോക്കുന്നില്ലേ, സകലയിനം മെച്ചപ്പെട്ട സസ്യങ്ങളെയും നാം എത്രയാണതിൽ മുളപ്പിച്ചതെന്ന്‌?

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿٨﴾ وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿٩﴾

8. തീർച്ചയായും അതിൽ ഒരു ദൃഷ്‌ടാന്തമുണ്ട്‌. എന്നാൽ അവരിൽ അധിക പേരും വിശ്വാസികളായില്ല.

9. തീർച്ചയായും നിൻെറ രക്ഷിതാവ്‌ തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

وَإِذۡ نَادَىٰ رَبُّكَ مُوسَىٰٓ أَنِ ٱئۡتِ ٱلۡقَوۡمَ ٱلظَّٰلِمِينَ ﴿١٠﴾ قَوۡمَ فِرۡعَوۡنَۚ أَلَا يَتَّقُونَ ﴿١١﴾ قَالَ رَبِّ إِنِّيٓ أَخَافُ أَن يُكَذِّبُونِ ﴿١٢﴾

10. നിന്റെ രക്ഷിതാവ് മൂസായെ വിളിച്ച് അക്രമികളായ ജനതയുടെ അടുത്തേക്ക് ചെല്ലാൻ പറഞ്ഞതോർക്കുക.

11. ഫിർഔന്റെ അടുത്തേക്ക്. (എന്നിട്ട്)അവർ സൂക്ഷ്മത പാലിക്കുന്നില്ലേ എന്ന് (ചോദിക്കുക).

12. അദ്ദേഹം (മൂസാ)പറഞ്ഞു: രക്ഷിതാവേ, അവരെന്നെ കളവാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

وَيَضِيقُ صَدْرِي وَلَا يَنطَلِقُ لِسَانِي فَأَرْسِلْ إِلَىٰ هَٰرُونَ ١٣

13. എന്റെ ഹൃദയം ഞെരുങ്ങുന്നു. എന്റെ നാവ് വാചാലവുമല്ല. അതിനാൽ, ഹാറൂന് നീ സന്ദേശം അയക്കുക.

وَلَهُمْ عَلَيَّ ذَنبٌ فَأَخَافُ أَن يَقْتُلُونِ ١٤ قَالَ كَلَّا ۖ فَاذْهَبَا بِآيَاتِنَا ۖ إِنَّا
مَعَكُم مُّسْتَمِعُونَ ١٥

14. അവർക്കാകട്ടെ, എന്റെ മേൽ കുറ്റവുമുണ്ട്. അതിനാൽ, അവർ എന്നെ കൊല്ലുമെന്ന് ഞാൻ ഭയപ്പെടുന്നു.

15. (അല്ലാഹു)പറഞ്ഞു: ഒരിക്കലുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നിങ്ങൾ രണ്ടു പേരും പോവുക. തീർച്ചയായും നാം നിങ്ങളോടൊപ്പം എല്ലാം ശ്രദ്ധിക്കുന്നവനായുണ്ട്.

فَأْتِيَا فِرْعَوْنَ فَقُولَا إِنَّا رَسُولُ رَبِّ الْعَالَمِينَ ١٦ أَنْ أَرْسِلْ مَعَنَا
بَنِي إِسْرَائِيلَ ١٧

16. അതിനാൽ, നിങ്ങൾ രണ്ടു പേരും ഫിർഔന്റെ അടുത്ത് ചെല്ലുക. എന്നിട്ട് ഞങ്ങൾ ലോകരക്ഷിതാവിന്റെ ദൂതന്മാരാകുന്നു എന്ന് പറയുക.

17. ഞങ്ങളുടെ കൂടെ ഇസ്രാഈൽ സന്തതികളെ അയക്കണമെന്നും (പറയുക).

قَالَ أَلَمْ نُرَبِّكَ فِينَا وَلِيدًا وَلَبِثْتَ فِينَا مِنْ عُمُرِكَ سِنِينَ ١٨

18. (അവരുടെ ആവശ്യം കേട്ട്) അവൻ(ഫിർഔൻ) പറഞ്ഞു: കുട്ടിയായിരിക്കെ നിന്നെ ഞങ്ങളുടെ കൂട്ടത്തിൽ വളർത്തിയില്ലേ? നിന്റെ ആയുസ്സിൽ വർഷങ്ങൾ ഞങ്ങളിൽ കഴിച്ചുകൂട്ടിയിട്ടുമുണ്ട്.

وَفَعَلْتَ فَعْلَتَكَ الَّتِي فَعَلْتَ وَأَنتَ مِنَ الْكَافِرِينَ ١٩

19. നീ ചെയ്ത നിന്റെ(1) കർമ്മമുണ്ടല്ലോ, അത് നീ ചെയ്തിട്ടുമുണ്ട്. നീ നന്ദി കെട്ടവരുടെ കൂട്ടത്തിൽ തന്നെയാണ്.

---

(1) മൂസാ അബദ്ധത്തിൽ കോപ്റ്റിക് വംശജനായ ഒരാളെ കൊല്ലാനിടയായ സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

قَالَ فَعَلْتُهَآ إِذًا وَأَنَا۠ مِنَ ٱلضَّآلِّينَ ﴿٢٠﴾

20. (മൂസാ)പറഞ്ഞു: ഞാനത്‌ ചെയ്തിട്ടുണ്ട്‌. (അന്ന്‌) ഞാൻ പിഴവ്‌ പറ്റിയവരുടെ കൂട്ടത്തിലായിരുന്നു.

فَفَرَرْتُ مِنكُمْ لَمَّا خِفْتُكُمْ فَوَهَبَ لِى رَبِّى حُكْمًا

وَجَعَلَنِى مِنَ ٱلْمُرْسَلِينَ ﴿٢١﴾

21. അങ്ങനെ, നിങ്ങളെപ്പറ്റി ഭയം തോന്നിയപ്പോറം നിങ്ങളിൽനിന്ന്‌ ഞാൻ ഓടിപ്പോയി. അങ്ങനെ, എൻെറ രക്ഷിതാവ്‌ എനിക്ക്‌ തത്വജ്ഞാനം നൽകുകയും എന്നെ ദൂതന്മാരിൽ പെടുത്തുകയും ചെയ്തു.

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَىَّ أَنْ عَبَّدتَّ بَنِىٓ إِسْرَٰٓءِيلَ ﴿٢٢﴾ قَالَ فِرْعَوْنُ وَمَا

رَبُّ ٱلْعَٰلَمِينَ ﴿٢٣﴾

22. നീ എനിക്ക്‌ ചെയ്തു തന്നതായി എടുത്തു പറയുന്ന ആ അനുഗ്രഹമുണ്ടല്ലോ, നീ ഇസ്രാഈൽ സന്തതികളെ അടിമകളാക്കി വെച്ചു എന്നതാണത്‌.

23. ഫിർഔൻ ചോദിച്ചു: എന്താണ്‌ ഈ ലോകരക്ഷിതാവ്‌?

قَالَ رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن كُنتُم مُّوقِنِينَ ﴿٢٤﴾ قَالَ لِمَنْ

حَوْلَهُۥٓ أَلَا تَسْتَمِعُونَ ﴿٢٥﴾

24. അദ്ദേഹം(മൂസാ) പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിലുള്ളതിൻെറയും രക്ഷിതാവാകുന്നു(അവൻ). നിങ്ങറം ദൃഢവിശ്വാസമുള്ളവരാണെങ്കിൽ.

25. അവൻ(ഫിർഔൻ) ചുറ്റുമുള്ളവരോട്‌ ചോദിച്ചു: എന്താ, നിങ്ങറം ശ്രദ്ധിച്ചുകേറംക്കുന്നില്ലേ?

قَالَ رَبُّكُمْ وَرَبُّ ءَابَآئِكُمُ ٱلْأَوَّلِينَ ﴿٢٦﴾ قَالَ إِنَّ رَسُولَكُمُ

ٱلَّذِىٓ أُرْسِلَ إِلَيْكُمْ لَمَجْنُونٌ ﴿٢٧﴾

26. അദ്ദേഹം(മൂസാ) പറഞ്ഞു: നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവുമാണവൻ.

27. അവൻ(ഫിർഔൻ) പറഞ്ഞു: നിങ്ങളിലേക്ക്‌ അയക്കപ്പെട്ട നിങ്ങളുടെ (ഈ) ദൈവദൂതൻ തീർച്ചയായും ഒരു ഭ്രാന്തൻ തന്നെയാണ്‌.

قَالَ رَبُّ ٱلْمَشْرِقِ وَٱلْمَغْرِبِ وَمَا بَيْنَهُمَآ ۖ إِن كُنتُمْ تَعْقِلُونَ ﴿٢٨﴾

28. അദ്ദേഹം പറഞ്ഞു: ഉദയാസ്തമയ സ്ഥാനങ്ങളുടെയും അവക്കിടയിലുള്ളതിൻെറയും രക്ഷിതാവത്രെ അവൻ. നിങ്ങറം ചിന്തിച്ചു മനസ്സിലാക്കുന്നവരാണെങ്കിൽ.

قَالَ لَئِنِ ٱتَّخَذْتَ إِلَٰهًا غَيْرِى لَأَجْعَلَنَّكَ مِنَ ٱلْمَسْجُونِينَ ﴿٢٩﴾

29. അവൻ(ഫിർഔൻ) പറഞ്ഞു: നീ ഞാനല്ലാത്ത വല്ല ദൈവത്തെയും സ്വീകരിക്കുക യാണെങ്കിൽ തീർച്ചയായും ഞാൻ നിന്നെ തടവുകാരുടെ കൂട്ടത്തിലാക്കുന്നതാ ണ്.

قَالَ أَوَلَوْ جِئْتُكَ بِشَىْءٍ مُّبِينٍ ﴿٣٠﴾ قَالَ فَأْتِ بِهِۦٓ إِن كُنتَ مِنَ ٱلصَّـٰدِقِينَ
﴿٣١﴾ فَأَلْقَىٰ عَصَاهُ فَإِذَا هِىَ ثُعْبَانٌ مُّبِينٌ ﴿٣٢﴾

30. അദ്ദേഹം ചോദിച്ചു: ഞാൻ നിനക്ക് വ്യക്തമായ വല്ല സംഗതിയും കൊണ്ടുവന്നു കാണിച്ചാലോ? (എന്നാലും നീ നിഷേധിക്കുമോ?)

31. അവൻ പറഞ്ഞു: എന്നാൽ നീ സത്യവാനാണെങ്കിൽ അത് കൊണ്ടു വാ.

32. അപ്പോൾ അദ്ദേഹം(മൂസാ) തൻെറ വടി നിലത്തിട്ടു. അപ്പോഴതാ അത് വ്യക്തമാ യ പാമ്പായി മാറുന്നു.

وَنَزَعَ يَدَهُۥ فَإِذَا هِىَ بَيْضَآءُ لِلنَّـٰظِرِينَ ﴿٣٣﴾ قَالَ
لِلْمَلَإِ حَوْلَهُۥٓ إِنَّ هَـٰذَا لَسَـٰحِرٌ عَلِيمٌ ﴿٣٤﴾

33. അദ്ദേഹം തൻെറ കൈ (വസ്ത്രത്തിനുള്ളിലായി കക്ഷത്ത് വെച്ച ശേഷം)പുറത്തേ ക്കെടുത്തു. അപ്പോഴതാ അത് കാണികൾക്ക് വെള്ള നിറമാകുന്നു.

34. അവൻ(ഫിർഔൻ) തൻെറ ചുറ്റുമുള്ള പ്രമുഖരോട് പറഞ്ഞു: നിശ്ചയം ഇവൻ പഠിച്ച ആഭിചാരകൻ തന്നെ.

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُم بِسِحْرِهِۦ فَمَاذَا تَأْمُرُونَ
﴿٣٥﴾ قَالُوٓا۟ أَرْجِهْ وَأَخَاهُ وَٱبْعَثْ فِى ٱلْمَدَآئِنِ حَـٰشِرِينَ

35. തൻെറ ആഭിചാരം കൊണ്ട് നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കാനാ ണ് അവൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് നിങ്ങൾ എന്തു നിർദ്ദേശിക്കുന്നു?

36. അവർ പറഞ്ഞു: അവൻെറയും അവൻെറ സഹോദരൻെറയും കാര്യം മാറ്റിവെക്കു ക. ആളുകളെ വിളിച്ചുകൂട്ടാൻ ഗ്രാമങ്ങളിലേക്ക് (ദൂതന്മാരെ)അയക്കുകയും ചെ യ്യുക.

يَأْتُوكَ بِكُلِّ سَحَّارٍ عَلِيمٍ ﴿٣٧﴾ فَجُمِعَ ٱلسَّحَرَةُ لِمِيقَـٰتِ يَوْمٍ مَّعْلُومٍ
﴿٣٨﴾ وَقِيلَ لِلنَّاسِ هَلْ أَنتُم مُّجْتَمِعُونَ ﴿٣٩﴾

37. പഠിച എല്ലാ ജാലവിദ്യക്കാരെയും അവർ അങ്ങക്ക് കൊണ്ടുവരട്ടെ.

38. അങ്ങനെ ഒരു ദിവസം നിശ്ചിത സമയത്ത് ആഭിചാരകരെല്ലാം ഒരുമിച്ചുകൂട്ട പ്പെട്ടു.

39. ജനങ്ങൾ ചോദിക്കപ്പെട്ടു: നിങ്ങളും ഒരുമിച്ചുകൂടുമല്ലോ?

لَعَلَّنَا نَتَّبِعُ ٱلسَّحَرَةَ إِن كَانُوا۟ هُمُ ٱلْغَـٰلِبِينَ ﴿٤٠﴾

40. നമുക്ക് ജാലവിദ്യക്കാരെ പിന്തുടരാനായേക്കും, അവരാണ് വിജയിക്കുന്നതെ ങ്കിൽ.

فَلَمَّا جَآءَ ٱلسَّحَرَةُ قَالُوا۟ لِفِرْعَوْنَ أَئِنَّ لَنَا لَأَجْرًا إِن كُنَّا
نَحْنُ ٱلْغَٰلِبِينَ ﴿٤١﴾ قَالَ نَعَمْ وَإِنَّكُمْ إِذًا لَّمِنَ ٱلْمُقَرَّبِينَ ﴿٤٢﴾

41. അങ്ങനെ ജാലവിദ്യക്കാര്‍ വന്നപ്പോള്‍ അവര്‍ ഫിര്‍ഔനോട്‌ ചോദിച്ചു: ഞങ്ങളാണ്‌ വിജയിക്കുന്നതെങ്കില്‍ തീര്‍ച്ചയായും ഞങ്ങള്‍ക്ക്‌ പ്രതിഫലമുണ്ടായിരിക്കുമോ?

42. അവന്‍(ഫിര്‍ഔന്‍) പറഞ്ഞു: അതെ. തീര്‍ച്ചയായും നിങ്ങള്‍ സമീപ്യം ലഭിക്കുന്നവരുടെ കൂട്ടത്തിലുമായിരിക്കും.

قَالَ لَهُم مُّوسَىٰٓ أَلْقُوا۟ مَآ أَنتُم مُّلْقُونَ ﴿٤٣﴾ فَأَلْقَوْا۟ حِبَالَهُمْ وَعِصِيَّهُمْ
وَقَالُوا۟ بِعِزَّةِ فِرْعَوْنَ إِنَّا لَنَحْنُ ٱلْغَٰلِبُونَ ﴿٤٤﴾

43. മൂസാ അവരോട്‌ പറഞ്ഞു: നിങ്ങള്‍ക്ക്‌ ഇടാനുള്ളതെല്ലാം നിങ്ങള്‍ ഇടുക.

44. അവര്‍ അവരുടെ കയറുകളും വടികളും ഇട്ടു. അവര്‍ പറയുകയും ചെയ്തു: ഫിര്‍ഔന്റെ പ്രതാപമാണ്‌ സത്യം, തീര്‍ച്ചയായും നാം തന്നെയാണ്‌ വിജയികള്‍.

فَأَلْقَىٰ مُوسَىٰ عَصَاهُ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿٤٥﴾ فَأُلْقِىَ ٱلسَّحَرَةُ
سَٰجِدِينَ ﴿٤٦﴾ قَالُوٓا۟ ءَامَنَّا بِرَبِّ ٱلْعَٰلَمِينَ ﴿٤٧﴾

45. അനന്തരം മൂസാ തന്റെ വടി ഇട്ടു. അപ്പോഴതാ അത്‌ അവര്‍ വ്യാജമായി ഉണ്ടാക്കിയതിനെ വിഴുങ്ങുന്നു.

46. അപ്പോള്‍ മായാജാലക്കാര്‍ സാഷ്ടാംഗം വീണു.

47. അവര്‍ പറഞ്ഞു: ലോകരക്ഷിതാവില്‍ ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു.

رَبِّ مُوسَىٰ وَهَٰرُونَ ﴿٤٨﴾

48. മൂസായുടെയും ഹാറൂന്റെയും രക്ഷിതാവില്‍.

قَالَ ءَامَنتُمْ لَهُۥ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّهُۥ لَكَبِيرُكُمُ ٱلَّذِى عَلَّمَكُمُ ٱلسِّحْرَ
فَلَسَوْفَ تَعْلَمُونَ ۚ لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَٰفٍ وَلَأُصَلِّبَنَّكُمْ
أَجْمَعِينَ ﴿٤٩﴾

49. അവന്‍(ഫിര്‍ഔന്‍) ചോദിച്ചു: ഞാന്‍ നിങ്ങള്‍ക്ക്‌ അനുവാദം തരുന്നതിനു മുമ്പായി നിങ്ങള്‍ അവനില്‍ വിശ്വസിച്ചുവെന്നോ? തീര്‍ച്ചയായും ഇവന്‍(മൂസാ) നിങ്ങള്‍ക്ക്‌ മായാജാലം പഠിപ്പിച്ച നിങ്ങളുടെ വലിയ ആളാണ്‌. നിങ്ങള്‍ വഴിയെ അറിഞ്ഞുകൊള്ളും. നിങ്ങളുടെ കാലുകളും കൈകളും എതിര്‍വശങ്ങളിലായിക്കൊണ്ട്‌ ഞാന്‍ മുറിച്ചുകളയുകയും നിങ്ങളെ മുഴുവന്‍ ക്രൂശിക്കുകയും ചെയ്യും.

قَالُوا۟ لَا ضَيْرَ ۖ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ﴿٥٠﴾

50. അവര്‍(ആഭിചാരികള്‍) പറഞ്ഞു: സാരമില്ല. നിശ്ചയം ഞങ്ങള്‍ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക്‌ മടങ്ങിപ്പോകുന്നവരാകുന്നു.

إِنَّا نَطْمَعُ أَن يَغْفِرَ لَنَا رَبُّنَا خَطَايَانَا أَن كُنَّا أَوَّلَ الْمُؤْمِنِينَ ﴿٥١﴾

51. ഞങ്ങളുടെ രക്ഷിതാവ് ഞങ്ങളുടെ തെറ്റുകൾ പൊറുത്തു തരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. എന്തെന്നാൽ, എല്ലാവരെക്കാളും ആദ്യം ഞങ്ങൾ വിശ്വാസികളായല്ലോ.

۞ وَأَوْحَيْنَا إِلَىٰ مُوسَىٰ أَنْ أَسْرِ بِعِبَادِي إِنَّكُم مُّتَّبَعُونَ ﴿٥٢﴾

52. മൂസാക്ക് നാം ബോധനം നൽകി: എന്റെ ദാസന്മാരെയും കൊണ്ട് നീ രാത്രിയിൽ പുറപ്പെട്ടുകൊള്ളുക. തീർച്ചയായും നിങ്ങൾ ശത്രുക്കളാൽ പിന്തുടരപ്പെടുന്നവരാകുന്നു.

فَأَرْسَلَ فِرْعَوْنُ فِي الْمَدَائِنِ حَاشِرِينَ ﴿٥٣﴾ إِنَّ هَٰؤُلَاءِ لَشِرْذِمَةٌ قَلِيلُونَ
﴿٥٤﴾ وَإِنَّهُمْ لَنَا لَغَائِظُونَ ﴿٥٥﴾

53. അങ്ങനെ ഫിർഔൻ (സൈന്യ സജ്ജീകരണാർഥം) ആളുകളെ വിളിച്ചുകൂട്ടാൻ പട്ടണത്തിലേക്ക് (ദൂതന്മാരെ) അയച്ചു.

54. തീർച്ചയായും ഇവർ(മൂസായും വിശ്വാസികളും) കുറച്ചു പേരുള്ള ഒരു സംഘമാകുന്നു.

55. നിശ്ചയം അവരാകട്ടെ, നമ്മെ അരിശം കൊള്ളിക്കുന്നവരാകുന്നു.

وَإِنَّا لَجَمِيعٌ حَاذِرُونَ ﴿٥٦﴾ فَأَخْرَجْنَاهُم مِّن جَنَّاتٍ وَعُيُونٍ ﴿٥٧﴾
وَكُنُوزٍ وَمَقَامٍ كَرِيمٍ ﴿٥٨﴾ كَذَٰلِكَ وَأَوْرَثْنَاهَا بَنِي إِسْرَائِيلَ ﴿٥٩﴾
فَأَتْبَعُوهُم مُّشْرِقِينَ ﴿٦٠﴾

56. തീർച്ചയായും നാം തന്നെയാകുന്നു സംഘടിതരും ജാഗരൂകരും.

57. അങ്ങനെ നാം അവരെ അവരുടെ ഉദ്യാനങ്ങളിൽനിന്നും അരുവികളിൽനിന്നും പുറത്താക്കി;

58. ഭണ്ഡാരങ്ങളിൽനിന്നും മാന്യമായ വാസ സ്ഥാനങ്ങളിൽനിന്നും.

59. അപ്രകാരമാണ് (നാം പ്രവർത്തിക്കുന്നത്). അവയൊക്കെ നാം ഇസ്രാഈൽ സന്തതികൾക്ക് അനന്തരമായി നൽകുകയും ചെയ്തു.

60. പുലർച്ചെ അവർ(ഫിർഔനും സൈന്യവും) അവരെ (മൂസായെയും സംഘത്തെയും) പിന്തുടർന്നു.

فَلَمَّا تَرَاءَى الْجَمْعَانِ قَالَ أَصْحَابُ مُوسَىٰ إِنَّا لَمُدْرَكُونَ ﴿٦١﴾

61. അങ്ങനെ രണ്ടു സംഘവും കണ്ടപ്പോൾ മൂസായുടെ അനുചരന്മാർ പറഞ്ഞു: തീർച്ചയായും നാം പിടിക്കപ്പെട്ടവരായിപ്പോയല്ലോ.

قَالَ كَلَّا إِنَّ مَعِيَ رَبِّي سَيَهْدِينِ ﴿٦٢﴾

62. അദ്ദേഹം(മൂസാ) പറഞ്ഞു: ഒരിക്കലുമില്ല. തീർച്ചയായും എൻെറ കൂടെ എൻെറ രക്ഷിതാവുണ്ട്. അവൻ എനിക്ക് വഴി കാണിച്ചുതരും.

فَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنِ ٱضْرِب بِّعَصَاكَ ٱلْبَحْرَ ۖ فَٱنفَلَقَ فَكَانَ كُلُّ فِرْقٍ
كَٱلطَّوْدِ ٱلْعَظِيمِ ﴿٦٣﴾

63. അപ്പോൾ നാം മൂസാക്ക് നിൻെറ വടി കൊണ്ട് കടലിൽ അടിക്കുക എന്ന് ബോധനം നൽകി. അങ്ങനെ കടൽ പിളർന്നു. സമുദ്രത്തിൻെറ ഓരോ പാളിയും മഹാ പർവതം പോലെ ഉണ്ടായിരുന്നു.

وَأَزْلَفْنَا ثَمَّ ٱلْـَٔاخَرِينَ ﴿٦٤﴾ وَأَنجَيْنَا مُوسَىٰ وَمَن مَّعَهُۥٓ أَجْمَعِينَ ﴿٦٥﴾ ثُمَّ
أَغْرَقْنَا ٱلْـَٔاخَرِينَ ﴿٦٦﴾

64. മറുകക്ഷിയേയും(ഫിർഔനും സൈന്യവും) നാം അവിടെക്ക് അടുപ്പിച്ചു.

65. മൂസായേയും കൂടെയുള്ളവരെയും മുഴുവൻ നാം രക്ഷപ്പെടുത്തുകയും ചെയ്തു.

66. പിന്നീട് നാം മറുകക്ഷിയെ(ഫിർഔനെയും സൈന്യത്തെയും) മുക്കിനശിപ്പിച്ചു.

إِنَّ فِى ذَٰلِكَ لَـَٔايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٦٧﴾

67. അതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധിക പേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿٦٨﴾ وَٱتْلُ عَلَيْهِمْ نَبَأَ إِبْرَٰهِيمَ ﴿٦٩﴾

68. നിശ്ചയം നിൻെറ രക്ഷിതാവ് തന്നെയാണ് ഐശ്വര്യവാനും കരുണാനിധിയും.

69. ഇബ്റാഹീമിൻെറ (പ്രവാചകൻ) വൃത്താന്തം അവർക്ക് ഓതിക്കൊടുക്കുക.

قَالَ لِأَبِيهِ وَقَوْمِهِۦ مَا تَعْبُدُونَ ﴿٧٠﴾ قَالُوا۟ نَعْبُدُ أَصْنَامًا فَنَظَلُّ لَهَا عَٰكِفِينَ

70. നിങ്ങൾ എന്തിനെയാണ് ആരാധിക്കുന്നതെന്ന് തൻെറ പിതാവിനോടും ജനതയോടും അദ്ദേഹം ചോദിച്ച സന്ദർഭം.

71. അവർ പറഞ്ഞു: ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുകയും അവക്കു മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു.

قَالَ هَلْ يَسْمَعُونَكُمْ إِذْ تَدْعُونَ ﴿٧٢﴾ أَوْ يَنفَعُونَكُمْ أَوْ يَضُرُّونَ ﴿٧٣﴾

72. അദ്ദേഹം ചോദിച്ചു: നിങ്ങൾ പ്രാർഥിക്കുമ്പോൾ അവയത് കേൾക്കുമോ?

73. അഥവാ, നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുമോ? അല്ലെങ്കിൽ നിങ്ങൾക്ക് വല്ല ഉപദ്രവവും ചെയ്യുമോ?

قَالُوا۟ بَلْ وَجَدْنَآ ءَابَآءَنَا كَذَٰلِكَ يَفْعَلُونَ ﴿٧٤﴾

74. അവർ പറഞ്ഞു: അല്ല. ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നത് ഞങ്ങൾ കണ്ടിരിക്കുന്നു.

قَالَ أَفَرَءَيْتُم مَّا كُنتُمْ تَعْبُدُونَ ﴿٧٥﴾ أَنتُمْ وَءَابَآؤُكُمُ ٱلْأَقْدَمُونَ ﴿٧٦﴾

75. അദ്ദേഹം ചോദിച്ചു: നിങ്ങൾ എന്തിനെയാണ്‌ ആരാധിക്കുന്നതെന്ന്‌ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

76. നിങ്ങളും നിങ്ങളുടെ പൂർവ പിതാക്കളും.

فَإِنَّهُمْ عَدُوٌّ لِّيٓ إِلَّا رَبَّ ٱلْعَٰلَمِينَ ﴿٧٧﴾ ٱلَّذِي خَلَقَنِي فَهُوَ يَهْدِينِ ﴿٧٨﴾

77. എന്നാൽ അവ (പ്രതിമകൾ) എൻെറ ശത്രുക്കളാകുന്നു, ലോകരക്ഷിതാവൊഴികെ.

78. അതായത്‌ എന്നെ സൃഷ്‌ടിച്ചവൻ, എനിക്ക്‌ മാർഗദർശനം നൽകുന്നവൻ.

وَٱلَّذِي هُوَ يُطْعِمُنِي وَيَسْقِينِ ﴿٧٩﴾ وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾

79. എന്നെ ഭക്ഷിപ്പിക്കുന്നവനും കുടിപ്പിക്കുന്നവനും.

80. ഞാൻ രോഗിയായാൽ അവൻ എനിക്ക്‌ ശമനമേകുന്നു.

وَٱلَّذِي يُمِيتُنِي ثُمَّ يُحْيِينِ ﴿٨١﴾ وَٱلَّذِيٓ أَطْمَعُ أَن يَغْفِرَ لِي خَطِيٓـَٔتِي يَوْمَ
ٱلدِّينِ ﴿٨٢﴾

81. എന്നെ മരിപ്പിക്കുകയും പിന്നീട്‌ ജീവിപ്പിക്കുകയും ചെയ്യുന്നവൻ.

82. പ്രതിഫല നാളിൽ (ആർ) എൻെറ തെറ്റുകൾ എനിക്ക്‌ പൊറുത്തു തരണമെന്ന്‌ ഞാൻ ആഗ്രഹിക്കുന്നുവോ അവൻ.

رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِٱلصَّٰلِحِينَ ﴿٨٣﴾ وَٱجْعَل لِّي لِسَانَ صِدْقٍ
فِي ٱلْءَاخِرِينَ ﴿٨٤﴾

83. എൻെറ രക്ഷിതാവേ, എനിക്ക്‌ നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളിൽ ചേർക്കുകയും ചെയ്യേണമേ.

84. പില്ക്കാലക്കാരിൽ എനിക്ക്‌ നീ സൽകീർത്തി ഉണ്ടാക്കേണമേ.

وَٱجْعَلْنِي مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾ وَٱغْفِرْ لِأَبِيٓ إِنَّهُۥ كَانَ مِنَ ٱلضَّآلِّينَ

85. എന്നെ നീ അനുഗ്രഹപൂർണമായ സ്വർഗത്തിൻെറ അവകാശികളിൽ പെട്ടവനാക്കേണമേ.

86. എൻെറ പിതാവിന്‌ നീ പൊറുത്തുകൊടുക്കുകയും ചെയ്യേണമേ. തീർച്ചയായും അദ്ദേഹം പിഴച്ചവരിൽ പെട്ടവനാകുന്നു.

وَلَا تُخْزِنِي يَوْمَ يُبْعَثُونَ ﴿٨٧﴾ يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ﴿٨٨﴾

87. അവർ(ജനം) പുനരുജ്ജീവിപ്പിക്കപ്പെടുന്ന ദിനം നീ എന്നെ അപമാനത്തിലാക്കരുതേ;

88. സ്വത്തും സന്താനങ്ങളും ഉപകരിക്കാത്ത ദിനം.

إِلَّا مَنْ أَتَى ٱللَّهَ بِقَلْبٍ سَلِيمٍ ﴿٨٩﴾ وَأُزْلِفَتِ ٱلْجَنَّةُ لِلْمُتَّقِينَ ﴿٩٠﴾

89. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ.

90. സൂക്ഷ്‌മത പാലിച്ചവർക്കായി (അന്ന്‌) സ്വർഗം അടുപ്പിക്കുന്നതാണ്‌.

وَبُرِّزَتِ ٱلْجَحِيمُ لِلْغَاوِينَ ﴿٩١﴾ وَقِيلَ لَهُمْ أَيْنَ مَا كُنتُمْ تَعْبُدُونَ ﴿٩٢﴾

91. പിഴച്ചവർക്കായി നരകം (തുറന്ന്) വെളിവാക്കപ്പെടുന്നതാണ്.
92. നിങ്ങൾ ആരാധിച്ചിരുന്നവ എവിടെയെന്ന് അവർ ചോദിക്കപ്പെടും;

مِن دُونِ ٱللَّهِ هَلۡ يَنصُرُونَكُمۡ أَوۡ يَنتَصِرُونَ ﴿٩٣﴾

93. അല്ലാഹുവിനെക്കൂടാതെ. അവർ നിങ്ങളെ സഹായിക്കുന്നുണ്ടോ? അല്ലെങ്കിൽ അവർ സഹായം നേടുന്നുണ്ടോ?

فَكُبۡكِبُواْ فِيهَا هُمۡ وَٱلۡغَاوُۥنَ ﴿٩٤﴾ وَجُنُودُ إِبۡلِيسَ أَجۡمَعُونَ ﴿٩٥﴾

94. അങ്ങനെ അവരും(ആരാധ്യർ) പിഴച്ചവരും അതിൽ(നരകത്തിൽ) മുഖം കുത്തി വീഴ്ത്തപ്പെടുന്നതാണ്;
95. ഇബ്ലീസിന്റെ സൈന്യം മുഴുവനായും.

قَالُواْ وَهُمۡ فِيهَا يَخۡتَصِمُونَ ﴿٩٦﴾ تَٱللَّهِ إِن كُنَّا لَفِي ضَلَٰلٖ مُّبِينٍ ﴿٩٧﴾

96. അവിടെ വെച്ച് തർക്കിച്ചുകൊണ്ടിരിക്കെ അവർ പറയും:
97. അല്ലാഹുവാണ് സത്യം. തീർച്ചയായും ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.

إِذۡ نُسَوِّيكُم بِرَبِّ ٱلۡعَٰلَمِينَ ﴿٩٨﴾ وَمَآ أَضَلَّنَآ إِلَّا ٱلۡمُجۡرِمُونَ

98. നിങ്ങളെ ഞങ്ങൾ അല്ലാഹുവിനോട് തുല്യരാക്കുമ്പോൾ.
99. ഞങ്ങളെ വഴി പിഴപ്പിച്ചത് ആ കുറ്റവാളികല്ലാതെ മറ്റാരുമല്ല.

فَمَا لَنَا مِن شَٰفِعِينَ ﴿١٠٠﴾ وَلَا صَدِيقٍ حَمِيمٖ ﴿١٠١﴾

100. അതിനാൽ, ഞങ്ങൾക്ക് ശിപാർശകരായി ആരുമില്ല.
101. ഉറ്റ സുഹൃത്തുമില്ല.

فَلَوۡ أَنَّ لَنَا كَرَّةٗ فَنَكُونَ مِنَ ٱلۡمُؤۡمِنِينَ ﴿١٠٢﴾

102. അതിനാൽ, ഞങ്ങൾക്ക് മടങ്ങിപ്പോകാനൊത്തെങ്കിൽ തീർച്ചയായും ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാകുമായിരുന്നു.

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٠٣﴾

103. അതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധിക പേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٠٤﴾ كَذَّبَتۡ قَوۡمُ نُوحٍ ٱلۡمُرۡسَلِينَ ﴿١٠٥﴾

104. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.
105. നൂഹിന്റെ ജനം ദൂതന്മാരെ നിഷേധിച്ചു.

إِذۡ قَالَ لَهُمۡ أَخُوهُمۡ نُوحٌ أَلَا تَتَّقُونَ ﴿١٠٦﴾ إِنِّي لَكُمۡ رَسُولٌ أَمِينٞ ﴿١٠٧﴾

106. അവരുടെ സഹോദരൻ നൂഹ് അവരോട് ''നിങ്ങൾ സൂക്ഷ്മത പാലിക്കുന്നി
ല്ലേ'' എന്ന് ചോദിച്ച സന്ദർഭം.
107. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٠٨﴾ وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ
رَبِّ ٱلۡعَٰلَمِينَ ﴿١٠٩﴾

108. അതിനാൽ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും
ചെയ്യുവിൻ.
109. അതിൻെറ പേരിൽ പ്രതിഫലമൊന്നും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എ
ൻെറ പ്രതിഫലം ലോകരക്ഷിതാവിങ്കലാകുന്നു.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١١٠﴾ ۞ قَالُوٓاْ أَنُؤۡمِنُ لَكَ وَٱتَّبَعَكَ ٱلۡأَرۡذَلُونَ ﴿١١١﴾

110. അതിനാൽ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും
ചെയ്യുവിൻ.
111. അവർ പറഞ്ഞു: താഴ്ന്ന ആളുകൾ നിന്നെ പിന്തുടർന്നിരിക്കെ ഞങ്ങൾ നിന്നെ
വിശ്വസിക്കുകയോ?

وَمَا عِلۡمِي بِمَا كَانُواْ يَعۡمَلُونَ ﴿١١٢﴾ إِنۡ حِسَابُهُمۡ إِلَّا عَلَىٰ رَبِّيۖ لَوۡ تَشۡعُرُونَ

112. അദ്ദേഹം(നൂഹ്) പറഞ്ഞു: അവരുടെ കർമ്മത്തെപ്പറ്റി എനിക്കെന്തറിയാം?
113. അവരുടെ വിചാരണ എൻെറ രക്ഷിതാവിങ്കലാകുന്നു. നിങ്ങൾ ബോധമുള്ളവരാ
യെങ്കിൽ.

وَمَآ أَنَا۠ بِطَارِدِ ٱلۡمُؤۡمِنِينَ ﴿١١٤﴾ إِنۡ أَنَا۠ إِلَّا نَذِيرٞ مُّبِينٞ ﴿١١٥﴾

114. സത്യവിശ്വാസികളെ ഒരിക്കലും ആട്ടിക്കളയുന്നവനല്ല ഞാൻ.
115. വ്യക്തമായ മുന്നറിയിപ്പുകാരനല്ലാതെ മറ്റൊന്നുമല്ല ഞാൻ.

قَالُواْ لَئِن لَّمۡ تَنتَهِ يَٰنُوحُ لَتَكُونَنَّ مِنَ ٱلۡمَرۡجُومِينَ ﴿١١٦﴾

116. അവർ പറഞ്ഞു: നൂഹേ, നീ ഇത് നിർത്തുന്നില്ലെങ്കിൽ തീർച്ചയായും നീ എറി
ഞ്ഞു കൊല്ലപ്പെടുന്നവരുടെ കൂട്ടത്തിലാകുന്നതാണ്.

قَالَ رَبِّ إِنَّ قَوۡمِي كَذَّبُونِ ﴿١١٧﴾ فَٱفۡتَحۡ بَيۡنِي وَبَيۡنَهُمۡ فَتۡحٗا
وَنَجِّنِي وَمَن مَّعِيَ مِنَ ٱلۡمُؤۡمِنِينَ ﴿١١٨﴾

117. അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, നിശ്ചയം എൻെറ ജനം എന്നെ കളവാ
ക്കിയിരിക്കുന്നു.
118. അതിനാൽ അവർക്കും എനിക്കുമിടയിൽ നീ വ്യക്തമായ തീരുമാനം എടുക്കേണ
മേ. എന്നെയും എൻെറ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷിക്കുകയും ചെ
യ്യേണമേ.

فَأَنجَيۡنَٰهُ وَمَن مَّعَهُۥ فِي ٱلۡفُلۡكِ ٱلۡمَشۡحُونِ ﴿١١٩﴾

119. അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും നാം നിറക്കപ്പെട്ട കപ്പ ലിൽ രക്ഷപ്പെടുത്തി.

ثُمَّ أَغْرَقْنَا بَعْدُ ٱلْبَاقِينَ ﴿١٢٠﴾ إِنَّ فِى ذَٰلِكَ لَءَايَةً وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ

120. പിന്നെ നാം ബാക്കിയുള്ളവരെ അതിനു ശേഷം നാം മുക്കി നശിപ്പിച്ചു.

121. അതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധിക പേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٢٢﴾ كَذَّبَتْ عَادٌ ٱلْمُرْسَلِينَ ﴿١٢٣﴾

122. തീർച്ചയായും എന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപവാനും കരുണാനിധി യും.

123. ആദ് സമുദായവും ദൂതന്മാരെ നിഷേധിച്ചു.

إِذْ قَالَ لَهُمْ أَخُوهُمْ هُودٌ أَلَا تَتَّقُونَ ﴿١٢٤﴾ إِنِّى لَكُمْ رَسُولٌ أَمِينٌ ﴿١٢٥﴾

124. അവരുടെ സഹോദരൻ ഹൂദ് അവരോട് നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ എന്ന് ചോദിച്ച സന്ദർഭം.

125. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٢٦﴾

126. അതിനാൽ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَٰلَمِينَ ﴿١٢٧﴾

127. അതിന്റെ പേരിൽ പ്രതിഫലമൊന്നും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എന്റെ പ്രതിഫലം ലോകരക്ഷിതാവിങ്കലാകുന്നു.

أَتَبْنُونَ بِكُلِّ رِيعٍ ءَايَةً تَعْبَثُونَ ﴿١٢٨﴾ وَتَتَّخِذُونَ مَصَانِعَ لَعَلَّكُمْ
تَخْلُدُونَ ﴿١٢٩﴾

128. ഉയർന്ന സ്ഥലങ്ങളിലൊക്കെ നിങ്ങൾ വെറുതെ ചിഹ്നങ്ങൾ(കെട്ടിടങ്ങൾ) ഉണ്ടാ ക്കുകയാണോ?

129. നിങ്ങൾക്ക് നിത്യവാസത്തിനെന്ന പോലെ നിങ്ങൾ സൗധങ്ങളും ഉണ്ടാക്കുന്നു.

وَإِذَا بَطَشْتُم بَطَشْتُمْ جَبَّارِينَ ﴿١٣٠﴾ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٣١﴾

130. നിങ്ങൾ ബലാൽകാരം ചെയ്യുമ്പോൾ നിഷ്ഠുരരായി ബലം പ്രയോഗിക്കുന്നു.

131. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَٱتَّقُوا۟ ٱلَّذِىٓ أَمَدَّكُم بِمَا تَعْلَمُونَ ﴿١٣٢﴾ أَمَدَّكُم بِأَنْعَٰمٍ وَبَنِينَ

132. നിങ്ങൾക്ക് അറിയാവുന്ന(അനുഗ്രഹങ്ങൾ)മുഖേന നിങ്ങളെ സഹായിച്ചവനെ നി ങ്ങൾ സൂക്ഷിക്കുക.

133. സന്താനങ്ങളും നാൽകാലികളും മുഖേന അവൻ നിങ്ങളെ സഹായിച്ചിരിക്കുന്നു.

وَجَنَّٰتٖ وَعُيُونٍ ﴿١٣٤﴾ إِنِّيٓ أَخَافُ عَلَيۡكُمۡ عَذَابَ يَوۡمٍ عَظِيمٖ ﴿١٣٥﴾

134. തോട്ടങ്ങളും അരുവികളും മുഖേന.

135. നിങ്ങളെ സംബന്ധിച്ച് ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ ഞാൻ ഭയപ്പെടുന്നു.

قَالُواْ سَوَآءٌ عَلَيۡنَآ أَوَعَظۡتَ أَمۡ لَمۡ تَكُن مِّنَ ٱلۡوَٰعِظِينَ ﴿١٣٦﴾

136. അവർ പറഞ്ഞു: നീ ഉപദേശിച്ചാലും നീ ഉപദേശികളുടെ കൂട്ടത്തിൽ ആയി ല്ലെങ്കിലും ഞങ്ങൾക്ക് സമമാകുന്നു.

إِنۡ هَٰذَآ إِلَّا خُلُقُ ٱلۡأَوَّلِينَ ﴿١٣٧﴾ وَمَا نَحۡنُ بِمُعَذَّبِينَ ﴿١٣٨﴾

137. ഇത് പൂർവികരുടെ സമ്പ്രദായം മാത്രമാകുന്നു.

138. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല.

فَكَذَّبُوهُ فَأَهۡلَكۡنَٰهُمۡۚ إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ

139. അങ്ങനെ അവർ അദ്ദേഹത്തെ നിഷേധിച്ചു. അതിനാൽ, നാം അവരെ നശിപ്പി ച്ചു. തീർച്ചയായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ അധിക പേരും വി ശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٤٠﴾ كَذَّبَتۡ ثَمُودُ ٱلۡمُرۡسَلِينَ ﴿١٤١﴾

140. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും.

141. ഥമൂദ് സമുദായം ദൂതന്മാരെ നിഷേധിച്ചു.

إِذۡ قَالَ لَهُمۡ أَخُوهُمۡ صَٰلِحٌ أَلَا تَتَّقُونَ ﴿١٤٢﴾ إِنِّي لَكُمۡ رَسُولٌ أَمِينٞ ﴿١٤٣﴾

142. അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞതോർക്കുക: നിങ്ങൾ സൂ ക്ഷ്മത പാലിക്കുന്നില്ലേ?

143. നിശ്ചയം, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٤٤﴾ وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ
رَبِّ ٱلۡعَٰلَمِينَ ﴿١٤٥﴾

144. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

145. ഇതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം ലോകരക്ഷിതാവിങ്കൽ മാത്രമാകുന്നു.

أَتُتۡرَكُونَ فِي مَا هَٰهُنَآ ءَامِنِينَ ﴿١٤٦﴾ فِي جَنَّٰتٖ وَعُيُونٖ ﴿١٤٧﴾

146. ഇവിടെയുള്ളതിൽ (ലൗകികാനന്ദങ്ങളിൽ) നിർഭയരായിക്കഴിയാൻ നിങ്ങൾ വിട്ടയക്കപ്പെടുമെന്നോ?

147. തോട്ടങ്ങളിലും അരുവികളിലും?

وَزُرُوعٖ وَنَخۡلٖ طَلۡعُهَا هَضِيمٞ ﴿١٤٨﴾ وَتَنۡحِتُونَ مِنَ ٱلۡجِبَالِ بُيُوتٗا
فَٰرِهِينَ ﴿١٤٩﴾ فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٥٠﴾

148. വയലുകളിലും കുല ഭാരം തൂങ്ങിയ ഈന്തപ്പനത്തോട്ടങ്ങളിലും?

149. നിങ്ങൾ സന്തോഷത്തോടെ പർവതങ്ങളിൽ വീടുകൾ തുരന്നുണ്ടാക്കുകയും ചെയ്യുന്നു.

150. അതിനാൽ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَلَا تُطِيعُوٓا۟ أَمْرَ ٱلْمُسْرِفِينَ ﴿١٥١﴾ ٱلَّذِينَ يُفْسِدُونَ فِى ٱلْأَرْضِ
وَلَا يُصْلِحُونَ ﴿١٥٢﴾

151. അതിക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിക്കാതിരിക്കുവിൻ.

152. ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ (കൽപനകൾ)

قَالُوٓا۟ إِنَّمَآ أَنتَ مِنَ ٱلْمُسَحَّرِينَ ﴿١٥٣﴾ مَآ أَنتَ إِلَّا بَشَرٌ مِّثْلُنَا فَأْتِ بِـَٔايَةٍ إِن
كُنتَ مِنَ ٱلصَّٰدِقِينَ ﴿١٥٤﴾

153. അവർ പറഞ്ഞു: നിശ്ചയം നീ മാരണം ബാധിച്ചവരിൽ പെട്ടവനാകുന്നു.

154. നീ ഞങ്ങളെപ്പോലുള്ള ഒരുവൻ മാത്രമാകുന്നു. അതിനാൽ, നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ ഒരു ദൃഷ്ടാന്തം കൊണ്ടുവരൂ.

قَالَ هَٰذِهِۦ نَاقَةٌ لَّهَا شِرْبٌ وَلَكُمْ شِرْبُ يَوْمٍ مَّعْلُومٍ ﴿١٥٥﴾

155. അദ്ദേഹം പറഞ്ഞു: ഇതാ ഒരൊട്ടകം. അതിന് വെള്ളം കുടിക്കാൻ ഒരു നിശ്ചിത ദിവസമുണ്ട്. നിങ്ങൾക്ക് വെള്ളം കുടിക്കുവാനും ഒരു നിശ്ചിത ദിനമുണ്ട്.

وَلَا تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ عَذَابُ يَوْمٍ عَظِيمٍ ﴿١٥٦﴾

156. നിങ്ങൾ അതിനെ ഉപദ്രവിക്കാതിരിക്കുകയും ചെയ്യുവിൻ. (അങ്ങനെ ചെയ്താൽ) ഭയാനകമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളെ പിടികൂടും.

فَعَقَرُوهَا فَأَصْبَحُوا۟ نَٰدِمِينَ ﴿١٥٧﴾ فَأَخَذَهُمُ ٱلْعَذَابُ ۗ إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا
كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٥٨﴾

157. എന്നാൽ അവർ അതിനെ അറുകൊല ചെയ്തു. അതുവഴി അവർ ഖേദത്തിലാവുകയും ചെയ്തു.

158. അങ്ങനെ അവരെ ശിക്ഷ പിടികൂടി. നിശ്ചയം അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ അധിക പേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٥٩﴾ كَذَّبَتْ قَوْمُ لُوطٍ ٱلْمُرْسَلِينَ

159. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

160. ലൂത്തിന്റെ ജനത ദൂതന്മാരെ കളവാക്കി.

إِذْ قَالَ لَهُمْ أَخُوهُمْ لُوطٌ أَلَا تَتَّقُونَ ﴿١٦١﴾ إِنِّى لَكُمْ رَسُولٌ أَمِينٌ

161. അവരുടെ സഹോദരന്‍ ലൂത്വ്‌ അവരോട്‌ പറഞ്ഞ സന്ദര്‍ഭം: നിങ്ങള്‍ സൂക്ഷ്മത പാലിക്കുന്നില്ലേ?

162. തീര്‍ച്ചയായും ഞാന്‍ നിങ്ങള്‍ക്ക്‌ വിശ്വസ്തനായ ദൂതനാകുന്നു.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٦٣﴾ وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ
رَبِّ ٱلۡعَٰلَمِينَ ﴿١٦٤﴾ أَتَأۡتُونَ ٱلذُّكۡرَانَ مِنَ ٱلۡعَٰلَمِينَ ﴿١٦٥﴾

163. നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിന്‍.

164. ഇതിന്‍റെ പേരില്‍ ഞാന്‍ നിങ്ങളോട്‌ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എന്‍റെ പ്രതിഫലം ലോകരക്ഷിതാവിങ്കല്‍ മാത്രമാകുന്നു.

165. (വികാരശമനത്തിനായി)നിങ്ങള്‍ ലോകരില്‍ ആണുങ്ങളുടെ അടുക്കല്‍ പോവുക യാണോ?

وَتَذَرُونَ مَا خَلَقَ لَكُمۡ رَبُّكُم مِّنۡ أَزۡوَٰجِكُمۚ بَلۡ أَنتُمۡ قَوۡمٌ عَادُونَ ﴿١٦٦﴾

166. നിങ്ങളുടെ രക്ഷിതാവ്‌ നിങ്ങള്‍ക്ക്‌ വേണ്ടി സൃഷ്ടിച്ച ഇണകളെ വെടിയുകയു മാണോ? അല്ല, നിങ്ങള്‍ അതിക്രമികളായ ജനതയാകുന്നു.

قَالُواْ لَئِن لَّمۡ تَنتَهِ يَٰلُوطُ لَتَكُونَنَّ مِنَ ٱلۡمُخۡرَجِينَ ﴿١٦٧﴾

167. അവര്‍ പറഞ്ഞു: ലൂത്തേ, നീ(ഈ ഉപദേശത്തില്‍നിന്ന്‌) വിരമിച്ചില്ലെങ്കില്‍ നി ശ്ചയം നീ (നാട്ടില്‍നിന്ന്‌)പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.

قَالَ إِنِّي لِعَمَلِكُم مِّنَ ٱلۡقَالِينَ ﴿١٦٨﴾ رَبِّ نَجِّنِي وَأَهۡلِي مِمَّا يَعۡمَلُونَ ﴿١٦٩﴾

168. അദ്ദേഹം പറഞ്ഞു: തീര്‍ച്ചയായും ഞാന്‍ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവ രുടെ കൂട്ടത്തിലാകുന്നു.

169. (അദ്ദേഹം പ്രാര്‍ഥിച്ചു:) എന്‍റെ രക്ഷിതാവേ, എന്നെയും എന്‍റെ കുടുംബത്തെ യും ഇവര്‍ പ്രവര്‍ത്തിക്കുന്നതില്‍നിന്ന്‌ നീ രക്ഷിക്കേണമേ.

فَنَجَّيۡنَٰهُ وَأَهۡلَهُۥٓ أَجۡمَعِينَ ﴿١٧٠﴾ إِلَّا عَجُوزٗا فِي ٱلۡغَٰبِرِينَ ﴿١٧١﴾

170. അപ്പോള്‍ അദ്ദേഹത്തെയും അദ്ദേഹത്തിന്‍റെ കുടുംബത്തെയും മുഴുവന്‍ നാം രക്ഷപ്പെടുത്തി.

171. പിന്മാറി നിന്ന ഒരു കിഴവിയെ ഒഴിച്ച്‌.

ثُمَّ دَمَّرۡنَا ٱلۡأٓخَرِينَ ﴿١٧٢﴾ وَأَمۡطَرۡنَا عَلَيۡهِم مَّطَرٗاۖ فَسَآءَ مَطَرُ ٱلۡمُنذَرِينَ

172. പിന്നീട്‌ മറ്റുള്ളവരെ നാം തകര്‍ത്തുകളഞ്ഞു.

173. അവരുടെ മേല്‍ ഒരു തരം മഴ വര്‍ഷിപ്പിക്കുകയും ചെയ്തു. മുന്നറിയിപ്പ്‌ നല്‍ കപ്പെട്ടവര്‍ക്ക്‌ ലഭിച്ചത്‌ എത്ര ചീത്ത മഴ.

إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٧٤﴾ وَإِنَّ رَبَّكَ
لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٧٥﴾ كَذَّبَ أَصۡحَٰبُ لۡـَٔيۡكَةِ ٱلۡمُرۡسَلِينَ ﴿١٧٦﴾

174. തീർച്ചയായും അതിൽ(ജനത്തിന്) ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ അധിക പേരും വിശ്വസിക്കുന്നവരായില്ല.

175. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും.

176. ഐക്കവാസികളും ദൂതന്മാരെ കളവാക്കി.

إِذْ قَالَ لَهُمْ شُعَيْبٌ أَلَا تَتَّقُونَ ﴿١٧٧﴾ إِنِّي لَكُمْ رَسُولٌ أَمِينٌ

177. ശുഐബ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

178. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൂതനാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٧٩﴾ وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ إِنْ
أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٨٠﴾

179. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

180. ഇതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം ലോകരക്ഷിതാവിങ്കൽ മാത്രമാകുന്നു.

۞ أَوْفُوا الْكَيْلَ وَلَا تَكُونُوا مِنَ الْمُخْسِرِينَ ﴿١٨١﴾ وَزِنُوا بِالْقِسْطَاسِ
الْمُسْتَقِيمِ ﴿١٨٢﴾

181. നിങ്ങൾ അളവ് പൂർത്തിയാക്കുവിൻ. നിങ്ങൾ (ജനത്തിന്) നഷ്ടമുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകരുത്.

182. നിങ്ങൾ നേരായ ത്രാസ്സുകൾ കൊണ്ട് തൂക്കുക.

وَلَا تَبْخَسُوا النَّاسَ أَشْيَاءَهُمْ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ ﴿١٨٣﴾

183. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കമ്മിയാക്കാതിരിക്കുവിൻ. നാശകാരികളായി ഭൂമിയിൽ വിഹരിക്കാതിരിക്കുവിൻ.

وَاتَّقُوا الَّذِي خَلَقَكُمْ وَالْجِبِلَّةَ الْأَوَّلِينَ ﴿١٨٤﴾

184. നിങ്ങളെയും പൂർവ തലമുറകളെയും സൃഷ്ടിച്ചവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

قَالُوا إِنَّمَا أَنْتَ مِنَ الْمُسَحَّرِينَ ﴿١٨٥﴾ وَمَا أَنْتَ إِلَّا بَشَرٌ مِثْلُنَا وَإِنْ نَظُنُّكَ
لَمِنَ الْكَاذِبِينَ ﴿١٨٦﴾

185. അവർ പറഞ്ഞു: തീർച്ചയായും നീ മാരണം ബാധിച്ചവരിൽ പെട്ടവനാണ്.

186. നീ ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. കള്ളം പറയുന്നവരിൽ പെട്ടവനായിട്ടാണ് നിന്നെ ഞങ്ങൾ കരുതുന്നത്.

فَأَسْقِطْ عَلَيْنَا كِسَفًا مِنَ السَّمَاءِ إِنْ كُنْتَ مِنَ الصَّادِقِينَ ﴿١٨٧﴾

187. അതിനാൽ നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ ആകാശത്തുനിന്ന് ഒരു കഷണം ഞങ്ങളുടെ മേൽ വീഴ്ത്തിക്കാണിക്കുക.

قَالَ رَبِّيٓ أَعْلَمُ بِمَا تَعْمَلُونَ ﴿١٨٨﴾ فَكَذَّبُوهُ فَأَخَذَهُمْ عَذَابُ يَوْمِ ٱلظُّلَّةِ ۚ

إِنَّهُۥ كَانَ عَذَابَ يَوْمٍ عَظِيمٍ ﴿١٨٩﴾

188. അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി എന്റെ രക്ഷിതാവ് ഏറെ അറിയുന്നവനാണ്.

189. അങ്ങനെ അവർ അദ്ദേഹത്തെ കളവാക്കി. അതിനാൽ (മേഘ)തണലുള്ള ദിവസത്തിലെ ശിക്ഷ അവരെ പിടികൂടി. നിശ്ചയം അത് ഭയങ്കര ദിവസത്തിലെ ശിക്ഷ തന്നെയായിരുന്നു.

إِنَّ فِى ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٩٠﴾ وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ

ٱلرَّحِيمُ ﴿١٩١﴾

190. തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധിക പേരും വിശ്വാസികളായില്ല.

191. നിശ്ചയം നിന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപിയും കരുണാനിധിയും.

وَإِنَّهُۥ لَتَنزِيلُ رَبِّ ٱلْعَٰلَمِينَ ﴿١٩٢﴾ نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾

192. തീർച്ചയായും ഇത്(ഖുർആൻ) ലോക രക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു.

193. പരിശുദ്ധാത്മാവ് (ജിബ്‌രീൽ) അതുമായി ഇറങ്ങി;

عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾ بِلِسَانٍ عَرَبِىٍّ مُّبِينٍ ﴿١٩٥﴾

194. നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിൽ ആകുന്നതിനു വേണ്ടി.

195. സ്പഷ്ടമായ അറബിഭാഷയിൽ.

وَإِنَّهُۥ لَفِى زُبُرِ ٱلْأَوَّلِينَ ﴿١٩٦﴾ أَوَلَمْ يَكُن لَّهُمْ ءَايَةً أَن يَعْلَمَهُۥ عُلَمَٰٓؤُا۟

بَنِىٓ إِسْرَٰٓءِيلَ ﴿١٩٧﴾

196. തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട്.

197. ഇസ്രാഈൽ സന്തതികളിലെ പണ്ഡിതന്മാർക്ക് അതെപ്പറ്റി അറിയാം എന്ന കാര്യം അവർക്ക് ഒരു ദൃഷ്ടാന്തമായിരിക്കുന്നില്ലേ?

وَلَوْ نَزَّلْنَٰهُ عَلَىٰ بَعْضِ ٱلْأَعْجَمِينَ ﴿١٩٨﴾ فَقَرَأَهُۥ عَلَيْهِم مَّا

كَانُوا۟ بِهِۦ مُؤْمِنِينَ ﴿١٩٩﴾ كَذَٰلِكَ سَلَكْنَٰهُ فِى قُلُوبِ ٱلْمُجْرِمِينَ ﴿٢٠٠﴾

198. നാം അത് അനറബികളിൽ ഒരാളുടെ മേൽ അവതരിപ്പിച്ചിരുന്നെങ്കിൽ

199. അങ്ങനെ അയാൾ അത് അവർക്ക് ഓതിക്കേൾപ്പിക്കുകയും ചെയ്യുകയും ചെയ്താൽ അവർ വിശ്വസിക്കുമായിരുന്നില്ല.

200. അപ്രകാരം കുറ്റവാളികളുടെ ഹൃദയങ്ങളിൽ നാം അതിനെ (ഖുർആൻനിഷേധത്തെ) പ്രവേശിപ്പിച്ചു.

لَا يُؤْمِنُونَ بِهِۦ حَتَّىٰ يَرَوُاْ ٱلْعَذَابَ ٱلْأَلِيمَ ﴿٢٠١﴾ فَيَأْتِيَهُم بَغْتَةً وَهُمْ
لَا يَشْعُرُونَ ﴿٢٠٢﴾ فَيَقُولُواْ هَلْ نَحْنُ مُنظَرُونَ ﴿٢٠٣﴾

201. വേദനാജനകമായ ശിക്ഷ കാണുവോളം അവര്‍ അതില്‍ വിശ്വസിക്കുകയില്ല.

202. അതാകട്ടെ അവര്‍ ഓര്‍ക്കാത്ത അവസ്ഥയിലായിരിക്കും അവര്‍ക്കത് വന്നെത്തുക.

203. അപ്പോള്‍ അവര്‍ ചോദിക്കും: ഞങ്ങള്‍ക്ക് അല്‍പം അവധി നല്‍കപ്പെടുമോ?

أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿٢٠٤﴾ أَفَرَءَيْتَ إِن مَّتَّعْنَاهُمْ سِنِينَ ﴿٢٠٥﴾ ثُمَّ
جَآءَهُم مَّا كَانُواْ يُوعَدُونَ ﴿٢٠٦﴾ مَآ أَغْنَىٰ عَنْهُم مَّا كَانُواْ يُمَتَّعُونَ ﴿٢٠٧﴾

204. അപ്പോള്‍ നമ്മുടെ ശിക്ഷയെയാണോ അവര്‍ ധൃതി കൂട്ടിക്കൊണ്ടിരുന്നത്?

205. നീ ആലോചിച്ചിട്ടുണ്ടോ, നാം അവര്‍ക്ക് വര്‍ഷങ്ങളോളം സുഖസൗകര്യങ്ങള്‍ ആസ്വദിപ്പിച്ചു.

206. പിന്നീട് അവര്‍ താക്കീത് നല്‍കപ്പെട്ടിരുന്നത്(ശിക്ഷ) അവര്‍ക്ക് വന്നെത്തുകയും ചെയ്തെന്നു വെക്കുക.

207. അവര്‍ക്ക് നല്‍കപ്പെട്ടിരുന്ന സുഖസൗകര്യങ്ങളൊന്നും അവര്‍ക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല.

وَمَآ أَهْلَكْنَا مِن قَرْيَةٍ إِلَّا لَهَا مُنذِرُونَ ﴿٢٠٨﴾ ذِكْرَىٰ وَمَا كُنَّا ظَٰلِمِينَ ﴿٢٠٩﴾

208. ഒരു പട്ടണത്തെയും, അതിനൊരു മുന്നറിയിപ്പുകാരനില്ലാതെ നാം നശിപ്പിച്ചിട്ടില്ല.

209. ഓര്‍മപ്പെടുത്തുവാന്‍ വേണ്ടിയത്രെ അത്. നാം അക്രമം ചെയ്യുന്നവനല്ല.

وَمَا تَنَزَّلَتْ بِهِ ٱلشَّيَٰطِينُ ﴿٢١٠﴾ وَمَا يَنۢبَغِى لَهُمْ وَمَا يَسْتَطِيعُونَ ﴿٢١١﴾

210. ഇതുമായി(ഖുര്‍ആന്‍) പിശാചുക്കള്‍ ഇറങ്ങിവന്നിട്ടില്ല.

211. അവര്‍ക്കത് ചേരുകയില്ല. അവര്‍ക്കതിന് സാധിക്കുകയുമില്ല.

إِنَّهُمْ عَنِ ٱلسَّمْعِ لَمَعْزُولُونَ ﴿٢١٢﴾ فَلَا تَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتَكُونَ
مِنَ ٱلْمُعَذَّبِينَ ﴿٢١٣﴾

212. നിശ്ചയം, അവര്‍(ഖുര്‍ആന്‍) കേള്‍ക്കുന്നതില്‍നിന്ന് അകറ്റപ്പെട്ടവരാകുന്നു.

213. അതിനാല്‍, അല്ലാഹുവോടൊപ്പം നീ മറ്റൊരു ദൈവത്തെയും വിളിച്ചു പ്രാര്‍ഥിക്കരുത്. അങ്ങനെയായാല്‍ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.

وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ ﴿٢١٤﴾ وَٱخْفِضْ جَنَاحَكَ لِمَنِ ٱتَّبَعَكَ مِنَ
ٱلْمُؤْمِنِينَ ﴿٢١٥﴾

214. നീ നിന്‍റെ അടുത്ത ബന്ധുക്കള്‍ക്ക് മുന്നറിയിപ്പ് നല്‍കുക.

215. നിന്നെ പിന്തുടര്‍ന്ന സത്യവിശ്വാസികള്‍ക്ക് നിന്‍റെ (അനുകമ്പയുടെ)ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക.

فَإِنْ عَصَوْكَ فَقُلْ إِنِّى بَرِىٓءٌ مِّمَّا تَعْمَلُونَ ﴿٢١٦﴾

216. അവർ നിന്നെ ധിക്കരിക്കുന്ന പക്ഷം നീ പറയുക: നിങ്ങൾ പ്രവർത്തിക്കുന്നതിന് ഞാൻ ഉത്തരവാദിയല്ല.

وَتَوَكَّلْ عَلَى ٱلْعَزِيزِ ٱلرَّحِيمِ ﴿٢١٧﴾ ٱلَّذِى يَرَىٰكَ حِينَ تَقُومُ ﴿٢١٨﴾

217. പ്രതാപിയും കരുണാനിധിയുമായവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക.

218. നീ നിന്ന് പ്രാർഥിക്കുമ്പോൾ നിന്നെ കാണുന്നവനെത്രെ അവൻ.

وَتَقَلُّبَكَ فِى ٱلسَّٰجِدِينَ ﴿٢١٩﴾ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٢٢٠﴾

219. സാഷ്ടാംഗം ചെയ്യുന്നവരുടെ കൂട്ടത്തിലായുള്ള നിന്റെ ചലനവും (കാണുന്നവനത്രെ).

220. നിശ്ചയം, അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.

هَلْ أُنَبِّئُكُمْ عَلَىٰ مَن تَنَزَّلُ ٱلشَّيَٰطِينُ ﴿٢٢١﴾ تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ

221. (പ്രവാചകരേ പറയുക) ആരുടെ മേലാണ് പിശാച് ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെ.

222. പെരും നുണയന്മാരും പാപികളുമായ എല്ലാവരുടെ മേലും ഇറങ്ങും.

يُلْقُونَ ٱلسَّمْعَ وَأَكْثَرُهُمْ كَٰذِبُونَ ﴿٢٢٣﴾ وَٱلشُّعَرَآءُ يَتَّبِعُهُمُ ٱلْغَاوُۥنَ

223. അവർ (പിശാചിലേക്ക്)ചെവി കൊടുത്തു കേൾക്കുന്നു. അവരിൽ അധിക പേരും കള്ളം പറയുന്നവരാകുന്നു.

224. കവികളാകട്ടെ, ദുർമാർഗികളാകുന്നു അവരെ പിൻപറ്റുന്നത്.

أَلَمْ تَرَ أَنَّهُمْ فِى كُلِّ وَادٍ يَهِيمُونَ ﴿٢٢٥﴾ وَأَنَّهُمْ يَقُولُونَ مَا لَا يَفْعَلُونَ

225. അവർ എല്ലാ താഴ്വരകളിലും അലഞ്ഞുനടക്കുന്നവരാണെന്ന് നീ കണ്ടില്ലേ?

226. അവർ പ്രവർത്തിക്കാത്തത് അവർ പറയുകയും ചെയ്യുന്നു.

إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَذَكَرُوا۟ ٱللَّهَ كَثِيرًا وَٱنتَصَرُوا۟ مِنۢ
بَعْدِ مَا ظُلِمُوا۟ ۗ وَسَيَعْلَمُ ٱلَّذِينَ ظَلَمُوٓا۟ أَىَّ مُنقَلَبٍ يَنقَلِبُونَ ﴿٢٢٧﴾

227. വിശ്വസിക്കുകയും സദ്കർമങ്ങൾ പ്രവർത്തിക്കുകയും അല്ലാഹുവെ ധാരാളം സ്മരിക്കുകയും അക്രമിക്കപ്പെട്ട ശേഷം (ആത്മരക്ഷാർഥം)പ്രധിരോധിക്കുകയും ചെയ്തവരൊഴികെ. തങ്ങൾ എന്ത് പരിണതിയിലാണ് തിരിഞ്ഞുമറിഞ്ഞെത്തുകയെന്ന് അക്രമികൾ അറിഞ്ഞുകൊള്ളും.